# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3800
# 21/06/2019 ലെ മറുപടിക്ക്

**ജനപ്രതിനിധികൾക്ക് ടെണ്ടർ സേവിംഗ്സ് തുകയുടെ വിവരം നൽകുന്ന നടപടി**

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കൊട്ടാരക്കര നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര രൂപ ഉണ്ടെന്ന് അറിയിക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ. |
| (ബി) | ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് സമയബന്ധിതമായി വിവരങ്ങൾ നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | ഈ വിവരങ്ങൾ സമയബന്ധിതമായി നൽകാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | |
| (ഡി) | ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ? | 04/08/2018 ലെ സ.ഉ(പി)നം. 119/2018/ധന. ഉത്തരവ് പ്രകാരമുള്ള നടപടി ക്രമങ്ങൾ. (ഖണ്ഡിക 2.7 മുതൽ 2.10 വരെ) |

**സെക്ഷൻ ഓഫീസർ**